
# ബൈബിൾ സത്യ



# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)



# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 18 May 2004 No. 2


## എഡിറ്റോറിയൽ

ജലം അമൂല്യമാണ് എന്ന തോന്നൽ ഇപ്പോൾ അധികാരികളിൽ ഉണ്ടായി തുടങ്ങി. മുൻപു തന്നെ ജലത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഉറവിടവും മനുഷ്യൻ തിരിച്ചറിയേണ്ടതായിരുന്നു. പക്ഷെ "കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയുകയില്ല" എന്ന ചൊല്ല് ഈ കാര്യത്തിലും അന്വർത്ഥമാണ്. സമൃദ്ധി, മനുഷ്യർ പാഴാക്കി കളയാനിടനൽകുന്നു. നമ്മുടെ ജീവന്റെ നിലനില്പിന്നു വെള്ളം കൂടിയേതീരു. ദുരുപയോഗം എന്നതു അറിഞ്ഞോ അറിയാതെയോ നമ്മിൽ ഓരോരുത്തരിലും അലിഞ്ഞു ചേർന്നിരിക്കയാണ്. ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട ദൈവ സന്താനങ്ങളായ മനുഷ്യരുടെ ഉപയോഗത്തിനായി ഈ പ്രപഞ്ചത്തേയും പ്രപഞ്ചവസ്തുക്കളെയും അവൻ ഉളവാക്കി. പ്രകൃതി രമണീയത എന്നതു സൃഷ്ടി കർത്താവിന്റെ മനസ്സും കഴിവും പ്രകടിപ്പിക്കുന്നു. ഉപയോഗമില്ലാത്ത ഒന്നും ദൈവം ഉണ്ടാക്കിയില്ല. അതങ്ങനെ തന്നെ ഉപയോഗിക്കുകയായിരുന്നു മനുഷ്യർ ചെയ്യേണ്ടിയിരുന്നതു. പക്ഷെ മനുഷ്യർ ദൈവ നിയമത്തെ ലംഘിച്ചു കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങിയപ്പോൾ വിപരീത ഫലം പുറപ്പെടുവിക്കാൻ തുടങ്ങി. ചുരുക്കി പറഞ്ഞാൽ അനുഗ്രഹിക്കപ്പെടേണ്ടവർ ശാപഗ്രസ്തരായി മാറി,

പുരാതന ലോകത്തു ജീവിച്ചിരുന്ന ജനങ്ങളും ആധു

നിക കാലത്തു ജീവിക്കുന്ന ആളുകളും ഈ കാര്യത്തിൽ ഒരുപോലെയാണ്. അവരുടെ മനോഭാവത്തിനു വ്യത്യാസമില്ല എന്നർത്ഥം. ക്രിയാത്മക സമീപനത്തിനു പകരം നിഷേധാത്മക സമീപനമാണ് ഉള്ളതു. ഭൂമിയെയും നദികളെയും മനുഷ്യർ അതിന്റെ രൂപത്തെയും ഒഴുക്കിനേയും മാററി കൃത്രിമ വളവും മരുന്നും ഉപയോഗിക്കാൻ തുടങ്ങി. അമിതമായ ഉല്പാദനം ആണ് കുഴപ്പമായതു. മഴയായി നമുക്കു കിട്ടുന്ന ജലം മണ്ണിലേക്കു വീഴുവാനും അതു ശുദ്ധീകരിച്ചു വീണ്ടും മഴയായി മനുഷ്യർക്കു ലഭിക്കുവാനും അനുവദിക്കണം. ഇതാണ് ദൈവത്തിന്റെ പദ്ധതി. ഇതിനു തടസമുണ്ടാക്കിയാൽ ജല ദൗർല്ലഭ്യം വരാതിരിക്കുമോ.? മനുഷ്യ ജീവിതം നാൾ തോറും ദൈവത്തിന്റെ ഉദ്ദേശത്തെ അറിയാതെ മുൻപോട്ടു പോകുന്നതുകൊണ്ടു യാഥാർത്ഥ്യം അവർ തിരിച്ചറിയുന്നില്ല. ദൈവം മനുഷ്യരോടു കല്പിച്ചിട്ടുള്ള നിയമവും പ്രകൃതിയോടു കല്പിച്ചിട്ടുള്ള നിയമവും അതേ പടി പാലിച്ചാൽ കുഴപ്പമില്ല. ഇന്നു നാം അനുഭവിക്കുന്ന ദുരിതങ്ങൾക്കെല്ലാം കാരണം അതാണ്. നമ്മുടെ കണ്ണുകൾ ശരിയായ രീതിയിൽ കാണണം. നമ്മുടെ ബുദ്ധി ശരിയായി പ്രവർത്തിക്കണം.

പരിഹാരം എന്താണ് എന്നു പരിശോധിക്കാം. ആദ്യമായി നമ്മെക്കുറിച്ചും പ്രപഞ്ചത്തെ കുറിച്ചും ഉള്ള സത്യം അറിയുക. അതായതു കാര്യകാരണ സഹിതം മനസിലാക്കി വേണം നാം ഓരോന്നും ചെയ്യുവാൻ എന്നർത്ഥം. സത്യ ദൈവത്തിലും അവന്റെ ഉപദേശങ്ങളിലും വിശ്വാസം അർപ്പിക്കണം. മനുഷ്യരുടെ അറിവു അപര്യാപ്തമാണ്. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് സത്യമായവ. തെററായ ഉപയോഗം, തെററായ വഴി മാററി ശരിയായ വഴിയിൽ സഞ്ചരിക്കണം. ധർമ്മമല്ലാത്തതു വിട്ടുകളയണം. അതിനുള്ള ധൈര്യം സംഭരിക്കണം. ദൈവത്തെ അനുസരിക്കയും വേണം.

★

# "ഞാൻ ഊഹിക്കുന്നതു നമുക്കു തെററു പറ്റിയിരിക്കുന്നു" എന്നാണ്

**J.C. ചോട്ട്**

ക്രിസ്തു ഒരു പ്രത്യേക തീയതിയിൽ മടങ്ങി വരുമെന്നു ഏതാനും വർഷങ്ങൾക്കു മുൻപു കൊറിയയിൽ ക്രിസ്തുവിനെ കുറിച്ചു പഠിപ്പിച്ചുകൊണ്ടു ഒരു മത സംഘടന പറഞ്ഞു. ഈ സംഘടനക്കു ന്യൂഡെൽഹിയിലും മററു പ്രധാന നഗരങ്ങളിലും ഓഫീസുകൾ ഉണ്ട്. അവരുടെ മുഖ്യ പ്രവർത്തനം സാഹിത്യ പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കുക, പ്രചരിപ്പിക്കുക എന്നതാണ്. അങ്ങനെ അവർ കർത്താവു വരുന്ന ഒരു തീയ്യതിയും ആളുകളെ അറിയിച്ചു. എന്നാൽ ആളുകളിൽ നിന്നു ഇതു ഓഫീസ് നടത്തിയിരുന്ന ആൾ കർത്താവു വരുമെന്നു പറഞ്ഞിരുന്ന ആ തീയ്യതിക്കു രണ്ടു ദിവസം മുൻപു ഓഫീസു പൂട്ടി കൊറിയക്കു തിരിച്ചു പോയി. പോകുവാൻ കാരണം പറഞ്ഞിരുന്നതു കൊറിയയിൽ കർത്താവു വരുമ്പോൾ അവർ അവിടെ വേണം എന്നായിരുന്നു. അവർ പറഞ്ഞതായ തീയ്യതിയിൽ കർത്താവു വന്നില്ല. മനുഷ്യർ തീരുമാനിക്കുന്ന ഒരു തീയ്യതിയിലും അവൻ വരാൻ പോകുന്നില്ല. കൊറിയയിൽ ഈ പ്രചാരകൻെറ വീട്ടിൽ പൊലീസ് എത്തി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു ''ഞാൻ ഊഹിക്കുന്നതു ഞങ്ങൾക്കു തെററു പററി'' എന്നാണ്.

എന്നാൽ കൊറിയൻ പൊലീസ് ഇദ്ദേഹത്തെ അറസ്റ്റു ചെയ്യുവാനാണ് പോയതു. കാരണമെന്താണ് ? കർത്താവ് ഇന്ന തീയ്യതിയിൽ വരുമെന്നും അതുകൊണ്ടു നിങ്ങൾക്കു ഇനി പണമോ സ്വത്തോ, വസ്തുവകകളോ ആവശ്യമില്ല എന്നു പറഞ്ഞു അയാൾ ആളുകളിൽ നിന്നു ഉള്ളതെ

ല്ലാം ശേഖരിച്ചു എന്നതാണ് അയാളുടെ പേരിലുണ്ടായിരുന്ന കുറ്റം. എന്നാൽ ചോദ്യമിതാണ്; അയാൾക്കു പിന്നെ ഇതിന്റെ എല്ലാം ആവശ്യം എന്താണ് ? ഈ സ്വത്തുക്കളെല്ലാം നല്കിയ ആളുകൾ ബുദ്ധിയില്ലാത്തവരോ ? എന്തു സംഭവിക്കുമെന്നു മനസ്സിലാക്കാൻ അവരുടെ ബുദ്ധി ഉപയോഗിക്കാതിരുന്നതെന്തു ?

ഇത്തരത്തിലുള്ള സംഭവങ്ങൾ പല പ്രാവശ്യം സംഭവിച്ചിട്ടുണ്ട്. അനേക വർഷങ്ങൾക്കു മുൻപ് ഞാൻ ശ്രീലങ്കയിലെ കൊളംബോയിൽ വെച്ച് യഹോവ സാക്ഷിക്കാരനായ ഒരു ഉപദേഷ്ടാവിനോടു സംസാരിക്കയുണ്ടായി. അദ്ദേഹം പറഞ്ഞതു ആ വർഷം അയാൾ കുട്ടികളെ സ്കൂളിൽ അയക്കുകയോ നികുതി കൊടുക്കുകയോ ചെയ്യുകയില്ല എന്നാണ്. ആ വർഷം കർത്താവു മടങ്ങി വരുമെന്നുള്ളതുകൊണ്ടു പിന്നെ ഇതൊന്നും ചെയ്യേണ്ടതില്ല എന്നാണ് അദ്ദേഹം പറഞ്ഞതു. ക്രിസ്തു വരുമ്പോൾ എല്ലാറ്റിന്റെയും അവസാനമാണല്ലൊ. അദ്ദേഹവും അദ്ദേഹത്തെ പോലെയുള്ളവരും എത്ര ബുദ്ധി ശൂന്യമായിട്ടാണ് ഇതെല്ലാം ചെയ്തിരുന്നതു എന്നോർക്കുക. പിന്നീട് കർത്താവു വരാതിരുന്നപ്പോൾ കുട്ടികൾക്കു വിദ്യാഭ്യാസനഷ്ടവും നികുതി അടക്കാതിരുന്നതിനു പിഴയും അടക്കേണ്ടി വന്നിരിക്കും. എത്ര നിസാരമായിട്ടാണ് ആളുകൾ വഞ്ചിക്കപ്പെടുന്നതു എന്നോർക്കുക.

ഇതെല്ലാം ഞാൻ പറയുമ്പോൾ കർത്താവു വരികയില്ല എന്ന അർത്ഥമല്ല അതിനുള്ളതു. കർത്താവു പറഞ്ഞതു പോലെ ഒരു ദിവസം അവൻ വരിക തന്നെ ചെയ്യും. എന്നാൽ ക്രിസ്തു ഈ ദിവസം വരും എന്നു വിചാരിച്ചു ഒരു തീയ്യതി പ്രഖ്യാപിക്കുന്നതാണ് ബുദ്ധിയില്ലായ്മ. ക്രിസ്തു, താൻ വീണ്ടും വരുമെന്നു മുന്നറിയിച്ചിട്ടുണ്ടെങ്കിലും (യോഹന്നാൻ 14:1-4) വരുന്ന സമയത്തെ കുറിച്ചു അവൻ പറഞ്ഞതു: "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ

ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല'' എന്നാണ് (മത്തായി 24:36). ക്രിസ്തു പറഞ്ഞതു നിങ്ങൾ ശ്രദ്ധിച്ചോ ? ആ തീയ്യതി അവനു പോലും അറിഞ്ഞുകൂടാ എന്നാണ് പറഞ്ഞതു. സ്വർഗ്ഗത്തിലെ ദൂതന്മാർക്കും അറിയാത്ത കാര്യമാണതു. പിതാവിനു മാത്രം അറിയാവുന്ന കാര്യമാണ് കർത്താവു വരുന്ന നാൾ. കർത്താവു പറഞ്ഞതു സത്യമാണെങ്കിൽ പിന്നെ ഏതെങ്കിലും മനുഷ്യനു ക്രിസ്തുവിന്റെ വരവിന്റെ തീയതി അറിയാൻ പററുന്നതെങ്ങനെ ? ഈ സത്യം അറിയാമെങ്കിൽ ആളുകളുടെ തീയ്യതി പ്രഖ്യാപിക്കൽ എങ്ങനെ വിശ്വസിക്കാൻ കഴിയും ? ഇനി ആരെങ്കിലും കർത്താവു വരുന്ന തീയ്യതി പ്രഖ്യാപിച്ചു വരുന്നുവെങ്കിൽ അയാളെ വിശ്വസിക്കരുതു. അയാൾ കള്ള പ്രവചനം നടത്തി ആളുകളെ വഞ്ചിക്കുന്നവനാണ്. ബൈബിൾ പരിജ്ഞാനമില്ലാത്ത ആളുകളെ ഇക്കൂട്ടർ വഞ്ചിക്കുകയാണ് ചെയ്യുന്നതു.

കർത്താവു വീണ്ടും വരുന്ന നാളിനെ കുറിച്ചു പല കണക്കു കൂട്ടലുകൾ നടത്തി പ്രഖ്യാപിക്കാൻ വ്യഗ്രത കാണിക്കുന്നതിൽ അതീവ താല്പര്യം പ്രകടിപ്പിച്ച ആളുകൾ തങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ ഉപദേശവുമായി ഒന്നു പരിശോധിക്കാൻ സമയം കണ്ടെത്തിയെങ്കിൽ എത്ര നന്നായിരുന്നു ! ബൈബിളിൽ ചില കാര്യങ്ങൾ ആലങ്കാരികമായും സംഖ്യാക്രമത്തിലും പറഞ്ഞിട്ടുണ്ട്. ആ വെളിപ്പാടനുസരിച്ചാണ് തങ്ങൾ അതു മാനിക്കുന്നതു എന്നാണ് അവരുടെ വാദം. എന്നാൽ കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ചു അങ്ങനെ ഊഹിക്കാൻ വചനത്തിൽ പറഞ്ഞിട്ടില്ല എന്നതാണ് സത്യം. ദൈവം ആ തീയ്യതി ബൈബിളിൽ ഒരിടത്തും മറച്ചു വെച്ചിട്ടില്ല. മനുഷ്യർക്കു അറിയേണ്ടതായ എല്ലാ കാര്യങ്ങളും ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. കാലങ്ങളും സമയവും നാം അറിയേണ്ടതല്ല. അതുകൊണ്ടാണ് വെളിപ്പെടുത്താതിരിക്കുന്നതു. പിതാവിനു മാത്രം അറിയാവുന്ന ഒരു കാര്യം ബൗദ്ധികന്മാർക്കു കണ്ടുപിടിക്കത്തക്ക രീതിയിൽ ബൈബിളിൽ ഒളിച്ചു

വെക്കുവാൻ ദൈവം ഒരിക്കലും, തയ്യാറാവുകയില്ല. നാം അതു അറിയണമെന്നു ദൈവം ആഗ്രഹിച്ചിരുന്നെങ്കിൽ അതു തീർച്ചയായും വെളിപ്പെടുത്തുമായിരുന്നു.

അപ്പൊസ്തലനായിരുന്ന പത്രൊസ് അതിനെ കുറിച്ചു മുന്നറിയിച്ചിട്ടുണ്ട്. ''കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂല പദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികൾ ഒക്കെയും വെന്തുപോകയും ചെയ്യും'' (2 പത്രൊസ് 3:10). യേശു വരുന്നതു ആർക്കും അറിയാതെയായിരിക്കും എന്നർത്ഥം. കള്ളൻ വരുന്നതു മുന്നറിയിപ്പു കൂടാതെ ആയിരിക്കുമല്ലൊ. അതുപോലെ യാദൃശ്ചികമായി, അറിയിപ്പു കൂടാതെ അവൻ വരും.

കർത്താവു വരുന്നതിനെ കുറിച്ചു പൗലൊസ് പറഞ്ഞിരിക്കുന്നതു, ദൈവത്തെ അറിയാത്തവർക്കും കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുവാനാണ് അവൻ വരുന്നതു എന്നാണ് (2 തെസലൊനിക്യർ 1:7-9). ഈ ഭാഗത്തു ദൈവം മുന്നറിയിച്ചിരിക്കുന്ന ആശയം എന്തെന്നാൽ നാം കർത്താവിന്റെ വരവിന്നായി ഏതൊരു സമയത്തും ഒരുങ്ങി ഇരിക്കണം എന്നാണ്. അവൻ ഇന്നു വന്നാലും നാളെ വന്നാലും ശരി, അല്ലെങ്കിൽ അടുത്ത വർഷം വന്നാലും നമ്മെ സംബന്ധിച്ച് നാം തയ്യാറായി ഇരിക്കണം എന്നു മാത്രം. കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ആണ് (2 പത്രൊസ് 3:8).

നിങ്ങൾ കർത്താവിന്റെ സുവിശേഷം അനുസരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിച്ച് അവന്റെ വരവിനായി കാത്തിരിക്കുക (മർക്കൊസ് 16:16).

★

സ്ത്രീകൾക്കു വേണ്ടി

# ഉപേക്ഷിക്കൽ അത്ര കാര്യമോ ?

## ബെററി ബർട്ടൻ ചോട്ട്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

### "സന്തുഷ്ടമായ കുടുംബത്തെ വേർപിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല"

പഴയ നിയമത്തിൽ അന്യജാതിക്കാരെ വിവാഹം കഴിച്ചവരോടു അവരുടെ പങ്കാളികളെ അകററി കളയുവാൻ പറയുന്നുണ്ട്. കാരണം അതു അവരെ ദൈവത്തിൽ നിന്നും അകററും എന്നുള്ളതുകൊണ്ടാണ് (എസ്രാ 9: 10; ആവർത്തനപുസ്തകം 7: 3, 4).

വലിയ ജിജ്ഞാസയോടെ ആളുകൾ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ അവരുടെ വ്യഭിചാര പ്രവൃത്തിയിൽ ഒരംശം പോലും മാററം വരുത്തുവാൻ അവർ തയ്യാറാകുന്നില്ല. തെററില്ലാത്ത വിവാഹ മോചനം എന്നു പറഞ്ഞു വേർപെട്ട് കുട്ടികളെ പെരുവഴിയിൽ തള്ളി പുനർവിവാഹത്തിനു പോകുന്നവർ ഒരു കുഴപ്പവുമില്ല എന്ന അഭിപ്രായം പറയുമ്പോൾ ലജ്ജ തോന്നുന്നു. നിത്യജീവനെ കുറിച്ചു ചിന്തയേയില്ല. നിത്യ രക്ഷ ദൈവം ഒരുക്കിയിരിക്കുന്നതിനെ അവർ തള്ളികളഞ്ഞിരിക്കുന്നു.

വിവാഹം കഴിയാത്ത കുടുംബങ്ങൾ ഇന്നുണ്ട്. അടുത്ത സമയത്തു ഒരു സ്ത്രീ സഭയിൽ ആരാധനക്കു വന്നുകൊണ്ടിരുന്നു. അങ്ങനെ ഒരു ദിവസം എന്റെ വീടു വാടകക്കു ചോദിച്ചു. അവൾ വിവാഹിതയും മൂന്നു പ്രാവശ്യം വിവാഹമോചനം നടത്തിയതുമായ ഒരാളാണ്. ഇപ്പോൾ അവൾ ആദ്യ ഭർത്താവോടു കൂടെ ജീവിക്കുന്നു.

അദ്ദേഹത്തിൻെറ സാമ്പത്തിക സഹായമില്ലാതെ അവൾക്കു സ്വന്തമായി ഒരു വീടു വാടകക്കു എടുക്കാൻ പോലും കഴി വില്ല; അവർ വിവാഹം കഴിച്ചിട്ടില്ല എന്നു പറഞ്ഞു.

അവളുടെ പരിതാപമായ അവസ്ഥ കണ്ടു എൻെറ മനസ്സലിഞ്ഞു. അവൾക്കും അവളുടെ കുട്ടിക്കും മറെറവിടെയെങ്കിലും താമസിക്കാം. പക്ഷെ വാടക, ഭക്ഷണം, വസ്ത്രം എന്നിവ പരസഹായം ഇല്ലാതെ അവൾക്കു പ്രയാസം. അവളുടെ ഇപ്പോഴത്തെ ജീവിത രീതി മാററി സുവിശേഷം അനുസരിച്ച് ദൈവവുമായി ഒത്തു ചേർന്നു പ്രവർത്തിക്കാൻ ഞാനപേക്ഷിച്ചു. അവളുടെ മകനെ തെററായ ബന്ധത്തെ മനസിലാക്കികൊടുക്കാനും സാധിക്കുമല്ലോ എന്നും പറയാം. പക്ഷെ അവളുടെ ഭർത്താവായി കൂടെ താമസിക്കുന്ന മനുഷ്യൻ വിവാഹം കഴിക്കാൻ താല്പര്യപ്പെടുന്നില്ല. ആ സ്ത്രീക്കു സഹായം ഉപേക്ഷിക്കാനും കഴിയുന്നില്ല. പാപമെന്നതു വലിയ പ്രശ്നമാണ്.

## വിലാപം

നിങ്ങൾക്കു അറിയാമോ ? ബലഹീനർ വിചാരിക്കും യേശു അങ്ങനെ പറയാതിരുന്നെങ്കിൽ എന്ന്. പാപ ഭാരത്താൽ വേദനിക്കുന്നവർ വളരെയാണ്. ദൈവത്തിനു വേണമെങ്കിൽ ഒരു വാക്കു കൊണ്ടു ലോകത്തിലെ സകല പാപവും തുടച്ചു നീക്കാമായിരുന്നു. പക്ഷെ അങ്ങനെ ചെയ്തില്ല . മത്തായി 19:9 ബൈബിളിൽ ഉൾപ്പെടുത്താതെ ഇരിക്കാമായിരുന്നു. പക്ഷെ അതിനെല്ലാം കാരണമുണ്ട്. അങ്ങനെ എങ്കിൽ വിവാഹം കഴിക്കാതിരിക്കുന്നതല്ലേ നല്ലതു ? ആത്മാവിനു രക്ഷയും രക്ഷക്കു ത്യാഗവും അനിവാര്യമാണ്. കല്പന അനുസരിച്ചാൽ അതിൻെറ ഫലം അനുഭവിക്കാം.

★

# വിശ്വാസത്തിൻെറ ഉറവിടം

**തോമസ് ആർ. ഡി.**

വിശ്വാസം എന്ന വാക്ക് നിത്യം ഉപയോഗിച്ചു വരുന്ന ഒന്നാണ്. ഭൗതിക ജീവിതത്തിലും മതപരമായ ജീവിതത്തിലും വിശ്വാസത്തിനു പ്രസക്തിയുണ്ട്. വാസ്തവത്തിൽ എന്താണ് വിശ്വാസം എന്നതുകൊണ്ടു അർത്ഥമാക്കുന്നതു ? വിശ്വാസിൻെറ ഉറവിടം എവിടെ എന്നെല്ലാം നാം പരിശോധിക്കണം. വിശ്വാസമില്ലായ്മകൊണ്ടു എന്തെല്ലാം പ്രശ്നങ്ങളാണ് മനുഷ്യ ജീവിതത്തിൽ ഉണ്ടാകുന്നതു ? അതെല്ലാം നമ്മുടെ വിഷയത്തിൻെറ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു.

എബ്രായ ലേഖകൻ നമ്മെ ഉത്തേജിപ്പിക്കുന്ന വേദഭാഗം ശ്രദ്ധിക്കുക. ''ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുററും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിൻെറ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തൻെറ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിൻെറ വലത്തു ഭാഗത്തു ഇരിക്കയും ചെയ്തു'' (എബ്രായർ 12: 1-2).

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). ദൈവം ഉണ്ട് എന്നും ദൈവത്തെ അന്വേഷിക്കുന്നവർക്കു അവൻ പ്രതിഫലം കൊടുക്കുമെന്നും വിശ്വസിക്കേണ്ടതാണ്. ഇളകാത്ത ആശ്രയമാണ് വിശ്വാസം. ക്രിസ്തുവിൻെറ വചനങ്ങൾ സത്യമാണ് എന്നു വിശ്വസിക്കുന്നവർക്കു അവൻ തൻെറ വ

ചനത്താൽ അവരെ രക്ഷിക്കും. വിശ്വസിക്കുന്നവരുടെ രക്ഷാ നായകനാണ് അവൻ എബ്രായർ 5:8-9). രക്ഷിക്കുന്ന വിശ്വാസമാണ് നമ്മിൽ വേണ്ടതു. സ്വേച്ഛാപരമായ വിശ്വാസം കൊണ്ടു ദൈവത്താലുള്ള രക്ഷ കിട്ടുകയില്ല. ദൈവ വചനം കേട്ടുണ്ടാകേണ്ട ഒന്നാണ് വിശ്വാസം. അത്തരത്തിലുള്ള വിശ്വാസമാണ് ഒരാളെ നീതീകരിക്കുന്നതും. വിശ്വാസത്തിന്റെ ഉറവിടം ക്രിസ്തുവാണ്. അതുകൊണ്ടാണ് അവന്റെ വചനം കേട്ടു വിശ്വസിക്കണം എന്നു ആവശ്യപ്പെട്ടിരിക്കുന്നതു.

ദൈവത്തിന്റെ കൃപ മനുഷ്യർക്കു ലഭ്യമാക്കിയതു യേശുക്രിസ്തു ആണ്. ആ കൃപ നമുക്കു പൂർണ്ണമായി ആസ്വദിക്കാൻ കഴിയുന്നതു വിശ്വാസത്താലാണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നാണ് തിരുവെഴുത്തു പഠിപ്പിക്കുന്നതു. ദൈവം ഒരുക്കിയ രക്ഷാ പദ്ധതി സൗജന്യമാണ്. കൃപാദാനമായ ആത്മരക്ഷക്കു നാം നമ്മുടെ ഭാഗത്തു നിന്നു വിശ്വസിക്കുകയാണ് വേണ്ടതു. ''അതുകൊണ്ടു കൃപാ ദാനം എന്നു വരേണ്ടതിനു വിശ്വാസത്താലത്രെ അവകാശികൾ ആകുന്നതു. അബ്രഹാമിന്റെ വിശ്വാസം ഉള്ളവർക്കാണ് വാഗ്ദാനം ലഭിക്കുന്നതു'' (റോമർ 4:16). മനുഷ്യരാൽ അസാദ്ധ്യമായതു ദൈവത്തിനു സാദ്ധ്യമെന്നു വിശ്വസിച്ച ആളായിരുന്നു അബ്രഹാം. അതുകൊണ്ടാണ് വാർദ്ധക്യത്തിൽ സന്തതി ജനിച്ചതു. നാം നടക്കുന്നതു കാഴ്ചയാലല്ല വിശ്വാസത്താലാണ്. ദൈവത്തെ കാണാതെ വിശ്വസിക്കുവാൻ തെളിവുകളും സാക്ഷ്യങ്ങളും തന്നിട്ടുണ്ട് (പ്രവൃത്തി 14:17). ദൈവം വാഗ്ദത്തം ചെയ്തതു നിവർത്തിക്കുക തന്നെ ചെയ്യും എന്നതു നാം വിശ്വസിക്കണം. എവിടെ നിന്നാണ് നമുക്കു അത്തരം വിശ്വാസം ലഭിക്കുക ? വിശ്വാസത്തിന്റെ യഥാർത്ഥ ഉറവിടം എവിടെ ?

യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഉ

റവിടം. അവൻ നമ്മുടെ വിശ്വാസത്തിന്റെ നായകൻ ആ ണ്. അവൻ നമുക്കു വേണ്ടി ഒരു വഴി ഒരുക്കി. നമ്മെ ദൈവത്തോടു അടുപ്പിക്കുന്നതിനു ഒരു മദ്ധ്യസ്ഥനായി തീർന്നു. മാത്രമല്ല അവൻ സത്യം വെളിപ്പെടുത്തുകയാ ണ്. ദൈവത്തിന്റെ ഉദ്ദേശത്തെയും സ്വഭാവത്തെയും അ വൻ വെളിപ്പെടുത്തി തന്നു. തികച്ചും പ്രായോഗികമായ, ലഘുവായ ഉപദേശങ്ങളാണ് അവൻ നമുക്കു തന്നിരിക്കു ന്നതു (മത്തായി 11:28-29). പാപഭാരം ചുമക്കുന്ന മനു ഷ്യരാണ് ലോകത്തിൽ ജീവിക്കുന്നവർ എല്ലാം. അതു ന മ്മെ മരണത്തിലേക്കു നയിക്കുന്നു. കർത്താവിനോടു കേ ട്ടു പഠിക്കയാണ് നാം ചെയ്യേണ്ടതു. അതിനു വിശ്വാസം ആവശ്യമാണ്. ഒരാൾ പറയുന്നതു നാം കരുതലോടെ സ്വീകരിക്കണമെങ്കിൽ അയാളിൽ നമുക്കു വിശ്വാസം വേ ണം. യേശു താൻ പറയുന്നതു സത്യമാണെന്നു പല രീതി യിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രവചന നിവർത്തീകരണ മായിരുന്നു യേശു. അവൻ ചെയ്ത അത്ഭുതങ്ങൾ മററാർ ക്കും ചെയ്യുവാനും സാദ്ധ്യമല്ല. മരിച്ചവരെ പോലും അ വൻ ഉയിർത്തെഴുന്നേല്പിച്ചു. മനുഷ്യരുടെ ഹൃദയത്തി ലാണ് വിശ്വാസം ഉത്ഭവിക്കേണ്ടതു. വിശ്വാസം എന്ന തു തോന്നലല്ല എന്നു നാം തിരിച്ചറിയണം. വിശ്വാസം ക്രമേണ വർദ്ധിപ്പിക്കയും വേണം.

ആദ്യമായി നാം നമ്മുടെ പാപത്തെ തിരിച്ചറിയണം. പാപമില്ലാത്തവരായി ആരും ഇല്ലല്ലോ. പാപത്തിന്റെ ശ മ്പളം മരണമാണ് (റോമർ 3:23; 6:23). നമുക്കു വേണ്ടി തമ്മുടെ പാപത്തിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതിനു വേണ്ടി യേശു കഷ്ടത സഹിച്ചു മരണം ഏറെറടുത്തു. ആ യാഗത്തിൽ ദൈവം പ്രസാദിച്ചു. അവന്നു നമ്മോടു ള്ള സ്നേഹമായിരുന്നു അതിനു പ്രേരിപ്പിച്ചതു (റോമർ 5:8). അവന്റെ മരണശേഷം തന്റെ ഉപദേശം അനുസരി

ക്കുവാനായി ജനങ്ങൾക്കു അവസരം ഒരുക്കിയിരിക്കുകയാണ്. അപ്പൊസ്തലന്മാരെ ലോകമെങ്ങും അയച്ചു സുവിശേഷ പ്രസംഗം നടത്തിയതു ലോകത്തുള്ള സകല ജാതികളെയും രക്ഷിക്കുന്നതിനായിരുന്നു (മത്തായി 28:18-20).

ആളുകൾ രക്ഷിക്കപ്പെടുകയും തുടർന്നു പാപരഹിതമായ ജീവിതം നയിക്കേണ്ടതിനു കർത്താവു സഭ പണിയുകയും ചെയ്തിരിക്കുന്നു. സഭയിലേക്കു രക്ഷിക്കപ്പെട്ടവരെ ചേർക്കുന്നതു അവർ മരണത്തോളം വിശ്വസ്തരായി ജീവിക്കുന്നതിനാണ്. ക്രിസ്തുവിന്റെ വചനം കേട്ടു വിശ്വസിച്ചു അനുസരിക്കുന്നവരെ അവൻ രക്ഷിക്കും (മർക്കൊസ് 16:16). ദൈവ കല്പന പ്രകാരം അവസാനത്തോളം ജീവിക്കണം. അങ്ങനെ ജീവിച്ചു മരിച്ചവർ പിന്നെയും ദൈവത്തോടു കൂടെ എന്നേക്കും ജീവിക്കും (വെളിപ്പാട് 2:10; യോഹന്നാൻ 8:24). ദൈവ പുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുകയും അവന്റെ ഉപദേശങ്ങളെ അനുസരിക്കയും ചെയ്യുന്നവരെ ദൈവം ഉപേക്ഷിക്കുകയില്ല. ഏതു പ്രതികൂല സാഹചര്യത്തിലും നമ്മെ സഹായിക്കുവാൻ ദൈവം ഉണ്ടാകും.

നിങ്ങൾ കർത്താവായ ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ വിശ്വസിക്കുക. നിങ്ങളുടെ ആത്മാവ് വിലയുള്ളതാണ്. അതു നഷ്ടപ്പെടുത്തി കളയരുതു. ഏക രക്ഷകനാണ് നമുക്കുള്ളതു. അവന്റെ വചനം നാം അനുസരിച്ചില്ലെങ്കിൽ ഇതേ വചനം നമ്മെ അന്ത്യ നാളിൽ ന്യായം വിധിക്കും. സമയം തക്കത്തിൽ ഉപയോഗിച്ചു വിശ്വാസത്താൽ അനുസരണവും അതിനാൽ രക്ഷയും, നീതീകരണവും, ദൈവത്തിൽ നിന്നു പ്രാപിക്കുക. അതിനു തടസമായിട്ടുള്ളതെല്ലാം വിട്ടു കളയുക.

★

# വാർത്തകൾ

## കേരളം കാത്തിരിക്കുന്ന തീരുമാനങ്ങൾ

ഗവർണർ നിയമനവും വല്ലാർപാടം പദ്ധതിയും റബർ കയററുമതി സബ്സീഡിയും ഉൾപ്പെടെ കേരളത്തെ ബാധിക്കുന്ന അനവധി തീരുമാനങ്ങളാണ് കേന്ദ്രത്തിൽ അധികാരത്തിലെത്തുന്ന പുതിയ സർക്കാരിനെ കാത്തിരിക്കുന്നത്. വരൾച്ചാദുരിതാശ്വാസം നിശ്ചയിക്കാൻ വീണ്ടും കേരളം സന്ദർശിച്ച കേന്ദ്രസംഘത്തിന്റെ ശുപാർശ പരിഗണിക്കുന്നതും പുതിയ സർക്കാർ ആയിരിക്കും.

ഗവർണറായിരുന്ന സിക്കന്തർ ബക്തിന്റെ നിര്യാണത്തിനുശേഷം കർണാടക ഗവർണർ ടി. എൻ. ചതുർവേദിക്കാണ് കേരളത്തിന്റെ അധിക ചുമതല നൽകിയിട്ടുള്ളത്. കേന്ദ്രത്തിലെ പുതിയ സർക്കാരിന്റെ രാഷ്ട്രീയ താൽപര്യങ്ങൾ ഗവർണർ നിയമനത്തിൽ പ്രതിഫലിക്കും.

റബർ സബ്സീഡി സംബന്ധിച്ച വാണിജ്യമന്ത്രാലയ തീരുമാനം മാർച്ച് 31 നു മുൻപ് ഉണ്ടാകേണ്ടതായിരുന്നെങ്കിലും തിരഞ്ഞെടുപ്പു പെരുമാററച്ചട്ടം നിലവിൽ വന്നതിനാൽ നീട്ടിവച്ചിരിക്കുകയാണ്. സബ്സിഡി തുടരുന്നതിനോടു മന്ത്രാലയത്തിന് എതിർപ്പില്ലെങ്കിലും നിരക്കിൽ കുറവുവരുമോ എന്നാണ് ആശങ്ക. പത്താം പദ്ധതിയിൽ ആസൂത്രണ കമ്മിഷൻ റബർ സബ്സിഡിക്കായി തുക നീക്കിവച്ചിട്ടുള്ളതിനാൽ 2004-2005 സാമ്പത്തിക വർഷത്തിലും സബ്സിഡിക്കായി തുക കണ്ടെത്താൻ പ്രയാസമില്ല.

# മഴവെള്ള സംഭരണം ജനകീയ പ്രസ്ഥാനമാകണം

സംസ്ഥാനത്തെ മഴവെള്ളക്കൊയ്ത്ത് ജനകീയ പ്രസ്ഥാനമായി മാറണമെന്നു ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി കെ. ജെ. മാത്യു.

ഓരോ പ്രദേശത്തിനും കുടുംബത്തിനും അനുയോജ്യമായ രീതിയിൽ വെള്ളം സംഭരിക്കണം. ഇതിനായി സർക്കാർ സമഗ്ര രൂപരേഖ തയാറാക്കിയിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

'മലയാള മനോരമ' സംഘടിപ്പിച്ച മഴവെള്ള സംഭരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ഏററവുമധികം മഴ ലഭിക്കുന്ന സംസ്ഥാനമാണു കേരളം.

എന്നിട്ടും 15,000 സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കേണ്ടി വരുന്നു. ഇവിടെ പ്രതിവർഷം ലഭിക്കുന്ന 78,000 മില്യൺ ക്യൂബിക് മീററർ മഴവെള്ളത്തിൽ 6000 മില്യൺ ക്യൂബിക് മീററർ മാത്രമാണ് അണക്കെട്ടുകളിലും മററുമായി ശേഖരിക്കുന്നത്. 48,000 മില്യൺ ക്യൂബിക് മീററർ വെള്ളം ഇവിടെ ശേഖരിച്ച് ഉപയോഗിക്കാം.

വലിയ അണക്കെട്ടുകളുടെ നിർമാണത്തിന് ഇന്ന് ഏറെ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ശാസ്ത്രീയ മഴവെള്ള സംഭരണമാണ് പോംവഴി. സർക്കാർ എല്ലാ മാധ്യമങ്ങളിലൂടെയും കോടിക്കണക്കിനു രൂപ ചെലവഴിച്ചു നടത്തുന്ന പ്രചാരണത്തേക്കാൾ മൂർച്ചയുള്ളതാണു മനോരമയുടെ 'പല തുള്ളി' പരിപാടിയെന്നും കെ.ജെ. മാത്യു പറഞ്ഞു.

# ആൺകുട്ടികൾക്കു ആദ്യ റാങ്കുകൾ

മെഡിക്കൽ, എൻജിനീയറിങ്ങ് പ്രവേശന പരീക്ഷയിലെ ആദ്യ അഞ്ചു റാങ്കുകളും ആൺകുട്ടികൾ കരസ്ഥമാക്കി. കഴിഞ്ഞ വർഷവും റാങ്കുകാരെല്ലാം ആൺകുട്ടികളായിരുന്നു.

എൻജിനീയറിങ്ങ് പ്രവേശന പരീക്ഷയിൽ കൊടുങ്ങല്ലൂർ അമൃത ക്ഷേത്രത്തിനു സമീപം ചേരമ്പറമ്പിൽ സി. കെ. അനിൽകുമാറിന്റെ മകൻ റോബിൻ അനിൽ 84.5% മാർക്കോടെ ഒന്നാം റാങ്ക് നേടി. 960 ൽ 811.22 മാർക്ക് നേടിയ റോബിൻ തൃശൂർ ചെന്ത്രാപ്പിന്നി എസ്. എൻ. വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ നിന്നാണു പ്ലസ് ടു പാസായത്.

മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക് കരുനാഗപ്പള്ളി എസ്.വി. മാർക്കറ്റ് 'ബൈതുൽ അമൽ താജുദീന്റെ പുത്രൻ ടി. സബിത്ത് മുഹമ്മദിനാണ്. 960 ൽ 857.61 മാർക്ക് നേടിയ സബിത്തിന് 89.3% മാർക്കുണ്ട്. കരുനാഗപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയായിരുന്നു.

എൻജിനീയറിങ്ങ് പ്രവേശന പരീക്ഷയിൽ രണ്ടാം റാങ്ക് കോഴിക്കോട് സിവിൽ സ്റ്റേഷൻ മണ്ണൂർ വീട്ടിൽ ജോർജ് ഫിലിപ്പിന്റെ പുത്രൻ അപ്പു ജോർജിന് (84.4%) ആണ്. തൃശൂർ സെന്റ് തോമസ് കോളജ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയായിരുന്നു. കോട്ടയം നെടുങ്കുന്നം 'ഉഷസി'ൽ ജി. എസ്. ദിലീപ് കുമാറിന്റെ പുത്രൻ ഡി. രവിശങ്കറിനു മൂന്നാം റാങ്കും.

# രോഗികളുടെ വിരലുകൾ എലി കടിച്ചു മുറിച്ചു

മെഡിക്കൽ കോളജ് ആശുപത്രിയിലെ സൊസൈറ്റി പേവാർഡിൽ ചികിൽസയിലായിരുന്ന രോഗിയുടെ കാൽവിരലുകൾ എലി കടിച്ചു മുറിച്ചു.

കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റിയുടെ ഡീലക്സ് പേവാർഡിലെ ഡി. എട്ടാം നമ്പർ മുറിയിൽ ചികിൽസയിലായിരുന്ന കൊട്ടാരക്കര കോട്ടവട്ടം, ഇളമ്പൽ, പുതിയടത്തുമഠത്തിൽ അനിൽകുമാറി (43) ന്റെ ഇരു കാലുകളിലെയും വിരലുകളാണ് ഇന്നലെ വെളുപ്പിനു നാലിന് എലി കടിച്ചുമുറിച്ചത്. എലിയുടെ കടിയേറ്റ് അവശനിലയിലായ അനിൽകുമാറിനെ ഒ. പി. വിഭാഗത്തിലെത്തിച്ചെങ്കിലും ചികിൽസാ ചെലവ് വഹിക്കാൻ സൊസൈറ്റി അധികൃതർ തയാറാകാത്തത് ബഹളത്തിനിടയാക്കി. തുടർന്ന് പേവാർഡ് ഓഫീസിലെത്തിയ അനിൽകുമാർ നിർബന്ധ ഡിസ്ചാർജ് വാങ്ങി സ്വകാര്യ ആശുപത്രിയിലേക്ക് പോയി. ഇരു കാലുകളിലും വ്രണം ഉണ്ടായതിനെ തുടർന്നാണു പ്രമേഹ രോഗിയായ അനിൽകുമാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിൽസയ്ക്കെത്തിയത്.

പേവാർഡിന് അപേക്ഷ നൽകിയതിനെത്തുടർന്ന് ഏപ്രിൽ 25 നു 215 രൂപ പ്രതിദിനം വാടക നിരക്കിലുള്ള ഡീലക്സ് പേവാർഡിലെ എട്ടാം നമ്പർ മുറി അനുവദിച്ചു. തുടർന്ന് 20 ദിവസത്തെ വാടക മുൻകൂർ അടച്ച് മുറിയിൽ കഴിയവെയാണ് എലിയുടെ ആക്രമണം.

★

# യേശുവിൻെറ മരണം

## മാക്ക്വെയിൻ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

തൻെറ കർത്താവിനെ പിടിക്കാൻ വന്നതിനെതിരെ പ്രതികരിച്ചു എന്തെങ്കിലും ചെയ്യണമെന്നു പത്രോസിനു തോന്നി. അവൻ വാളെടുത്തു മഹാപുരോഹിതൻെറ കാതറുത്തു. യേശു ആ മുറിവു സുഖപ്പെടുത്തിയശേഷം പത്രോസിനോടു പറഞ്ഞതു: വാരം ഉറയിൽ ഇടുക; വാളെടുക്കുന്നവൻ വാളാൽ തന്നെ എന്നാണ്. യേശുവിനെ ശത്രുക്കളുടെ കയ്യിൽ വിട്ടുകൊണ്ടു അപ്പൊസ്തലന്മാരെല്ലാവരും പിൻവാങ്ങി പോയി. അതിനു ശേഷവും പരിഹാസികരം തങ്ങളുടെ പരിഹാസം തുടർന്നു. ദൈവ പുത്രനായ യേശു സകല പരീക്ഷണങ്ങളേയും ശരിയായ രീതിയിൽ നേരിട്ടു.

മുരംക്കിരീടം, പട്ടു, ചെങ്കോൽ എന്നിവയാൽ അവനെ പരിഹസിച്ചു. ഹെരോദാവിൻെറ അടുക്കൽ നിന്നു പീലാത്തോസിൻെറ അടുക്കലേക്കു അവനെ കൊണ്ടുപോയി. പീലാത്തോസിനു യേശുവിൽ കുററം ഒന്നും കാണായ്കയാൽ അവനെ വിട്ടയക്കണം എന്നുണ്ടായിരുന്നു. എന്നാൽ ജനക്കൂട്ടത്തിൻെറ സമ്മർദ്ദത്തിനു വഴങ്ങേണ്ടിവന്നു. "അവനെ ക്രൂശിക്ക" എന്ന ആരവം മുൻപൊന്നും ഉണ്ടാകാത്ത വിധം മുഴങ്ങി കേട്ടു (യോഹന്നാൻ 19:6). തൂക്കി കൊല്ലുവാൻ വിധിച്ച കള്ളനും കവർച്ചക്കാരനുമായിരുന്ന ബറബ്ബാസിനെ വിട്ടു തരുവാനും യേശുവിനെ ക്രൂശിൽ തറെക്കുവാനുമാണ് ജനം ആവശ്യപ്പെട്ടതു (മത്തായി 27: 15-21). ഞാൻ നിങ്ങളുടെ രാജാവിനെ ക്രൂശിൽ തറെക്കേണമോ എന്നു പീലാത്തോസ് ചോദിച്ചതിനു "ഞങ്ങൾക്കു കൈസരല്ലാതെ മറെറാരു രാജാവില്ല എന്നു "മറുപടി പറഞ്ഞു.

വേദന നിറഞ്ഞ ഒരു ശിക്ഷയാണ് ക്രൂശിൽ തറെച്ചു കൊല്ലുക എന്നതു. ദൈവ പുത്രൻ തന്റെ സകല വേദനയും സഹിച്ചു ക്രൂശിൽ തൂങ്ങി കിടക്കുകയാണ്. അവന്നു ദാഹിച്ചപ്പോൾ ദാഹജലത്തിനു പകരം കയ്പു നീർ കൊടുത്തു. പ്രകൃതിയും ഗോളങ്ങളും ആ നിമിഷങ്ങളിൽ ശാന്തമായി. അവസാനം അവൻ പറഞ്ഞതു: "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേല്പിക്കുന്നു" എന്നത്രെ. ഇതാ അതു കഴിഞ്ഞു. അതു സർവ്വ ലോകത്തിന്റേയും പാപത്തിനു വേണ്ടിയുള്ള ശിക്ഷയാണ് അവൻ സഹിച്ചതു. പാപമോചനത്തിനു ഇന്നു നാം എല്ലാവരും അവന്റെ കല്പനകളാണ് അനുസരിക്കേണ്ടതു. അതിനു പകരമായി മറ്റൊന്നുമില്ല.

*

# മരണം ആത്മാവിനെ ശുദ്ധീകരിക്കുമോ ?

## ഭില്ലാർഡ് തർമൻ

പലപ്പോഴും ചില നേരമ്പോക്കുകാർ സ്മശാനത്തെ നോക്കി പറഞ്ഞു കേൾക്കാറുള്ളതാണ്: നമ്മുടെ സമൂഹത്തിലെ നല്ല ആളുകൾ എല്ലാം ഇവിടെയാണ് എന്ന്. ജീവിച്ചിരുന്നപ്പോൾ സ്ത്രീയായാലും പുരുഷനായാലും അവർ എന്തെല്ലാം പാപം ചെയ്തിരുന്നു എന്നു പരിഗണിക്കാതെ അവർ നല്ലവരായിരുന്നു എന്നു മരണശേഷം അവരെ കുറിച്ചു പറയാറുണ്ട്. ഒരു വിദേശി ഒരു രാജ്യം സന്ദർശിച്ചുകൊണ്ടിരുന്നപ്പോൾ അവിടെയുള്ള ജനങ്ങൾ അയാളോടു ഒരു ചോദ്യം ചോദിക്കയുണ്ടായി. ഈ രാജ്യത്തു ധാർമ്മികവും മതപരവുമായ ആചാരങ്ങൾ പുരോഗമിക്കുവാൻ എന്തു ചെയ്യാൻ കഴിയും എന്നതായിരുന്നു അതു. അദ്ദേഹത്തിന്റെ മറുപടി: നിങ്ങളുടെ വിവരണങ്ങളിലുള്ളതെ

ല്ലാം മായിച്ചു കളയുക; ഇളകി പറക്കുന്നതെല്ലാം കുഴിച്ചു മൂടുക''.

ഒരാളുടെ ആത്മീകവും ധാർമ്മികവുമായ മൂല്യങ്ങൾക്കു സ്വാഭാവിക മരണത്താൽ മാററമുണ്ടാകും എന്ന ആശയം ആളുകൾക്കു എവിടെ നിന്നു കിട്ടി ? സൗമ്യതയോടെയുള്ള സത്യം എന്തെന്നാൽ: ''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു'' (2 കൊരിന്ത്യർ 5:10). ഓരോരുത്തരും ആ വലിയ ന്യായവിധിക്കായി ഒരുങ്ങണം. ''താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നുയർപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു'' (പ്രവൃത്തി 17:31). ഓരോരുത്തരെയും അവനവന്റെ പ്രവൃത്തിക്കനുസരിച്ചാണ് അല്ലാതെ മററുള്ളവർ മരണശേഷം പറയുന്നതിനനുസരിച്ചല്ല ദൈവം ന്യായം വിധിക്കുന്നതു.

## പക്ഷഭേദമില്ലാത്ത ന്യായവിധിയായിരിക്കും

എന്തുകൊണ്ടു നാം ദൈവത്തിന്റെ അവസാന വിധിക്കായി കാത്തിരിക്കണം ? ''ആകയാൽ കർത്താവു വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുതു; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തനു ദൈവത്തിങ്കൽ നിന്നു പുകഴ്ച്ച ലഭിക്കും'' (1 കൊരിന്ത്യർ 4:5). യേശുക്രിസ്തുവിന്റെ വചനത്തെ അനുസരിക്കാതെ തള്ളിക്കളഞ്ഞു മരിച്ചയാളുടെ ശവസംസ്ക്കാരത്തിനു ''യേശുവിന്റെ കയ്യിൽ സുരക്ഷിതം'' എന്ന പാട്ട് എങ്ങനെ പാടാൻ കഴിയും ? നാം അതു അനുസരിച്ചു പാടു

കയാണെങ്കിൽ അർത്ഥവത്താണ്. സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. "തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു" (സങ്കീർത്തനങ്ങൾ 116:15). എന്നാൽ ഒരാൾ മരണത്താൽ എങ്ങനെ കർത്താവിന്റെ ഭക്തനായി, വിശുദ്ധനായി തീരും. അധികം ആളുകൾ ചിന്തിക്കാത്തതും അതാണ്.

നമ്മുടെ ആത്മാക്കളെ കുറിച്ചു ദൈവം കരുതലുള്ളവനാണ്. ആത്മീയ ദാനത്തെ കുറിച്ചും ദൈവത്തിന്റെ കരുതലിനെ കുറിച്ചും സങ്കീർത്തനക്കാരൻ പാടുന്നതു: ദരിദ്രന്മാരുടെ ജീവനെ രക്ഷിക്കും. അവരുടെ പ്രാണനെ പീഡയിൽ നിന്നും സാഹസത്തിൽ നിന്നും വീണ്ടെടുക്കും; അവരുടെ രക്തം അവന്നു വിലയേറിയതായിരിക്കും" (സങ്കീർത്തനങ്ങൾ 72:14). ഒരാൾ ഈ ഭൂമിയിൽ നിന്നു നിരോധനം ചെയ്യുന്നതിനു മുൻപു ദൈവത്തിന്റെ കരുതൽ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണശേഷം അവന്റെ വിധി, അവസാന നാൾവരെ മുദ്രയിട്ടിരിക്കുന്നു. നിരവധി പേർ പഴയ ബിലെയാമിനെ പോലെയാണ്. "ഭക്തന്മാർ മരിക്കുന്നതു പോലെ ഞാൻ മരിക്കട്ടെ; എന്റെ അവസാനം അവന്റേതുപോലെ ആകട്ടെ" (സംഖ്യാപുസ്തകം 23:10). ബിലെയാമിനെ പോലെ ദൈവ നിയമത്തെ തള്ളിക്കളഞ്ഞു ജീവിക്കുന്നവർ അവനെ പോലെ മരിക്കും. ജീവിക്കാത്ത അവസ്ഥയിൽ ഒരാൾക്കു മരിക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിൽ ആയി തീർന്നിട്ടില്ലെങ്കിൽ ക്രിസ്തുവിൽ നിദ്ര പ്രാപിക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിൽ ജീവിക്കാത്തവർക്കു ക്രിസ്തുവിൽ മരിക്കാനും സാദ്ധ്യമല്ല.

(ശേഷം അടുത്ത ലക്കത്തിൽ)

*

# സ്ത്രീയുടെ സന്തതി

## ജോണി രാംസെ

സ്ത്രീയുടെ സന്തതി ദുഷ്ടൻെറ ശക്തിയെ നശിപ്പിക്കുമെന്ന പ്രത്യേകതയുള്ള മുന്നറിയിപ്പാണ് ദൈവം സ്വമത്താനു നല്കിയതു (ഉല്പത്തി 3:15). പിശാചിൻെറ വഞ്ചനയുടെ ഫലമായിട്ടാണ് ലോകത്തിൽ മനുഷ്യരിൽ പാപവും പാപത്താൽ മരണവും കടന്നു വന്നതു (റോമർ 5:12). ആദാമും ഹവ്വയും പരിചയപ്പെടുത്തിയ പാപം നിമിത്തം നൂററാണ്ടുകൾ ആയി ആളുകൾ യഹോവയായ ദൈവത്തിൽ നിന്നു അകന്നു ജീവിച്ചു (യെശയ്യാവ് 59:1-2). ക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെ ദൈവവും മനുഷ്യരും തമ്മിൽ നിരപ്പു പ്രാപിക്കുക അസാദ്ധ്യമായിരുന്നു (എഫെസ്യർ 2:16). സ്ത്രീയുടെ സന്തതി കാരണമാണ് (ഗലാത്യർ 4:4). മരണം ആസ്വദിച്ചു അതു സകല മനുഷ്യർക്കും കൃപാകാരണമായി തീർന്നു എന്നു പറയാം (എബ്രായർ 2:9).

സാധാരണ രീതിയിൽ, ബൈബിളിൽ പറയുന്ന മററു ജനനവും ലോകത്തിലെ എല്ലാ ജനനവും പുരുഷൻെറ സന്താനം എന്നോ പുരുഷൻേറയും സ്ത്രീയുടേയും ജനനമെന്നോ ആണ് പറയുന്നതു. പക്ഷെ ഈ ഒരു ജനനത്തിൻെറ പ്രത്യേകത സ്ത്രീയുടെ സന്തതി എന്നാണ് എടുത്തു പറഞ്ഞിരിക്കുന്നതു. അവൻ ജനിക്കുന്ന അടയാളവും മുൻകൂട്ടി ദൈവം അറിയിച്ചിരുന്നു. കന്യക ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും എന്നായിരുന്നു പ്രവചനം (യെശയ്യാവ് 7:14; 9:6). ജനിക്കുന്ന സ്ഥലത്തെ കുറിച്ചും പ്രവചിക്കപ്പെടുകയുണ്ടായി (മീഖാ 5:2). അതങ്ങനെ തന്നെ നിറവേറുകയും ചെയ്തു (മത്തായി 1:21-23). ആത്മാവിൻെറ പ്രവചനം യേശുവിനെ സാക്ഷീകരിക്കുന്നതായിരുന്നു എന്നതിനു സംശയമില്ല (വെളിപ്പാട് 19:10).

ദേശത്തു ഒരു പുതുമ സൃഷ്ടിക്കുന്നു എന്നു യിരെമ്യാവു പ്രവചിച്ചിരുന്നു (യിരെമ്യാവ് 31:22). ഒരു സ്ത്രീയാൽ പരിപാലിക്കപ്പെട്ടു യേശുവിനു ജന്മം നല്കി എന്നതു ചരിത്ര സംഭവമായി തീർന്നു. റാഹേൽ തന്റെ മക്കളെച്ചൊല്ലി കരയും എന്ന പ്രവചനം യേശു ജനിക്കുന്ന കാലയളവിൽ നിറവേറുന്നുണ്ട് (മത്തായി 2). ഒരു പുതിയ നിയമം യിസ്രായേൽ ഗൃഹത്തിനും യഹൂദാ ഗൃഹത്തിനും കൊടുക്കും എന്നു വാഗ്ദാനം ചെയ്തിരുന്നു (യിരെമ്യാവ് 31:31-34). പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായിട്ടാണ് യേശു വന്നതു. വളരെ ശ്രദ്ധിച്ചു നാം ഈ വിഷയത്തെ മനസിലാക്കിയാൽ ദൈവ നിശ്ചയ പ്രകാരമായിരുന്നു ഇതെന്നു തിരിച്ചറിയും. 2 തിമൊഥെയൊസ് 2:9-14 വരെയുള്ള വേദഭാഗങ്ങളിൽ പരാമർശിക്കുന്ന കാര്യങ്ങൾ ഇതിനോടു യോജിക്കുന്നു. സ്ത്രീയാണ് ആദ്യം ലോകത്തിലേക്കു പാപം കടത്തി വിട്ടതു. ആദാമായിരുന്നില്ല. പിശാചിന്റെ പ്രലോഭനമായിരുന്നു കാരണം. അക്കാരണത്താൽ യേശു സ്ത്രീയുടെ സന്തതിയായി ലോകത്തിലേക്കു വന്നു.

ഉല്പത്തി 3:15 നമ്മെ മററനേകം വാക്യങ്ങളിലേക്കു പ്രകാശിപ്പിക്കുന്നുണ്ട്. ദൈവം മനുഷ്യരെ രക്ഷിക്കുവാൻ പദ്ധതി ഒരുക്കുന്നതു മുതൽ സാത്താൻ അതിനെ എതിർത്തു തുടങ്ങി. സാത്താനു ശക്തിയുണ്ട് എന്ന കാര്യം സമ്മതിക്കാതെ തരമില്ല. ബൈബിളിൽ ഉടനീളം ഈ പോരാട്ടം നടക്കുന്നതായി പറയുന്നുണ്ട്. പിശാചിന്നു എതിർക്കുവാൻ ശക്തിയുണ്ടെങ്കിലും സ്വർഗ്ഗീയ പദ്ധതിയുടെ അന്തിമ വിജയം ക്രിസ്തുവിനാണെന്നു തെളിയിച്ചിരിക്കുന്നു. സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽകീഴെ ചതെച്ചു കളയും (റോമർ 16:20).

സ്ത്രീയുടെ സന്തതിക്കു പിശാചിനെ പിടിച്ചു കെട്ടുവാനും അവന്റെ സാധനങ്ങൾ കവർന്നു കളയാനും കഴി

ഞ്ഞു (മർക്കൊസ് 3:27). ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളികളയുവാൻ അവന്നു കഴിഞ്ഞു (യോഹന്നാൻ 12:31). അങ്ങനെ നമുക്കു വിജയം തരുവാനും കഴിഞ്ഞു (1 യോഹന്നാൻ 5:4). വാസ്തവത്തിൽ ആ ഉദ്ദേശം നിറവേററുവാൻ തന്നെയാണ് ഇമ്മാനുവേൽ ഈ ലോകത്തിലേക്കു വന്നതു (1 യോഹന്നാൻ 3:8). മനുഷ്യരുടെ രാജ്യതന്ത്രങ്ങളെ വാഴുന്നതു ദൈവമാണ്. അവർ അതു തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും (ദാനിയേൽ 2:25; മത്തായി 28:18; റോമർ 13:1; വെളിപ്പാട് 11:16). ദൈവത്താൽ നല്കപ്പെട്ട അധികാരം മാത്രമെ മനുഷ്യനുള്ളു.

സാത്താൻ ദുഷ്ട മനുഷ്യരെ സ്വാധീനിച്ചു യേശുവിനെ കുററം ചുമത്തി മരണത്തിനു ഏല്പിച്ചു കൊടുത്തെങ്കിലും സാത്താൻ വിജയിച്ചില്ല എന്നതാണ് പരമാർത്ഥം (യെശയ്യാവ് 28:14-18; റോമർ 1:4). സ്ത്രീയുടെ സന്തതി മരണത്താൽ പിശാചിന്റെ ശക്തിയെ നിഷ്പ്രഭമാക്കി (എബ്രായർ 2:14). അതിനാൽ ക്രിസ്തുവിൽ നമ്മെ ജയോത്സവമായി നടത്തുന്നു (2 കൊരിന്ത്യർ 2:14).

പാതാളഗോപുരങ്ങൾക്കു ജയിക്കാൻ കഴിയാത്ത ഒന്നാണ് യേശുവിന്റെ ദൗത്യം (മത്തായി 16:18). സർവ്വ ലോകത്തിന്റേയും പാപ ഭാരം വഹിക്കേണ്ടതിനായിരുന്നു സ്ത്രീയുടെ സന്തതി വന്നതു. സ്വർഗ്ഗീയ ലക്ഷ്യം നിറവേററുവാൻ സ്വയം ഏറെറടുത്ത നിത്യയാഗത്താൽ നമുക്കു നിത്യരക്ഷ ലഭിക്കുമാറാക്കി. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ അവൻ ഏക മദ്ധ്യസ്ഥനുമായി തീർന്നു (1 തിമൊഥെയൊസ് 2:5).

പിതാവിനുള്ളതിൽ ഇരിക്കേണ്ടതിനാണ് അവൻ വന്നതു എന്നു ലൂക്കൊസ് വിവരിക്കുന്നു (ലൂക്കൊസ് 2:19). ദൈവ ശക്തിയാൽ സ്ത്രീയിൽ നിന്നു ജനിച്ചവനായി വന്ന യേശു അതു വെളിപ്പെടുത്തുകയുമുണ്ടായി (പ്രവൃത്തി 4:26-30). പിശാചുക്കൾ പോലും അവനിൽ

വിശ്വസിക്കുവാനും പിറക്കുവാനും ഇടയായതിൽ അതിശയിക്കാനില്ല. ദൈവത്തിന്റെ വാഗ്ദാനം വിശ്വാസയോഗ്യമാണ്. ക്രിസ്തു മൂലം വിശ്വസിക്കുന്നവർക്കു വിജയം ഉറപ്പാണ് (റോമർ 6:37). നമ്മെ സ്വർഗ്ഗത്തിലേക്കു എത്തിക്കുവാൻ നമുക്കു മുൻഗാമിയായി തീർന്ന യേശുവിനെ അനുഗമിക്കാൻ വേണ്ടിയാണ് അവന്റെ മരണവും ഉയിർത്തെഴുന്നേല്പും. യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ടിച്ച ജീവനുള്ള പുതുവഴി ഇപ്പോഴും ഉള്ളതുകൊണ്ടു പരമാർത്ഥ ഹൃദയത്തോടെ ധൈര്യത്തോടെ അടുത്തു ചെല്ലാം. (എബ്രായർ 10:19-20).

ലോകസ്ഥാപനത്തിനു മുൻപു തന്നെ ദൈവത്തിനു അറിയാമായിരുന്നു മനുഷ്യ പുത്രനെ ഭൂമിയിലേക്കു അയക്കേണ്ടി വരുമെന്ന്. കാരണം മനുഷ്യരുടെ അകൃത്യങ്ങളായിരുന്നു. എവിടെയും നിയമ ലംഘനമായിരുന്നു നടന്നിരുന്നതു. പാപത്തിനുള്ള ശിക്ഷ മരണമാണല്ലോ. അങ്ങനെ മനുഷ്യ വർഗ്ഗം തങ്ങളുടെ പാപത്താൽ നശിക്കേണ്ടിയിരുന്നു. ദൈവത്തിന്റെ മഹാദയയും ദീർഘക്ഷമയും നിമിത്തം മനുഷ്യരെ രക്ഷിക്കുവാൻ ഒരു പദ്ധതി ഒരുക്കി. പിശാചിനെ തോല്പിക്കുവാൻ മനുഷ്യനു കഴിവില്ല. ജഡീക മനുഷ്യൻ ബലഹീനനാണ്.

ലോകത്തിൽ വന്നു യെഹൂദന്മാരിൽ ഒരുവനായി ജീവിച്ച യേശു അന്നത്തെ അവരുടെ മതാചാരങ്ങളിലെ തെററു തിരുത്തുവാൻ ശ്രമിച്ചു. തൻനിമിത്തം അവർക്കു യേശുവിനോടു നീരസം ഉണ്ടായി. ദൈവത്തിന്റെ അരുളപ്പാടുകളും ഉദ്ദേശവും അവർ മനസിലാക്കിയില്ല. അതുകൊണ്ടു അവർ യേശുവിനെ തള്ളിക്കളയുക മാത്രമല്ല ചെയ്തതു. ഒടുവിൽ അവനെ ക്രൂശിൽ തറച്ചു കൊല്ലുവാനുമിടയായി. അങ്ങനെ മനുഷ്യപുത്രന്റെ മരണത്താൽ മനുഷ്യരുടെ നിത്യമരണം ഒഴിവാക്കി.

★

# ഉപകരണ സംഗീതത്തിനു വേണ്ടിയുള്ള വാദം

ലാറി. എം

ആരാധന മദ്ധ്യേ ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടുന്ന സഭാവിഭാഗങ്ങൾ ധാരാളം ഉണ്ട്. അതിനു അവർ ഉപയോഗിക്കുന്ന ന്യായ വാദങ്ങളും അനവധിയാണ്; തങ്ങൾ ചെയ്യുന്നതു ശരിയാണെന്നു സമർത്ഥിക്കുവാനാണല്ലൊ മിക്ക ആളുകളും ശ്രമിക്കുന്നതു. മതപരമായ കാര്യങ്ങളിലും ഇതേ നയം ആണ് ആളുകൾ അനുവർത്തിക്കുന്നതു. സ്വന്തം ഇഷ്ടത്തെയും മററു മനുഷ്യരുടെ ഇഷ്ടത്തെയും മാനിച്ചു കാര്യങ്ങൾ ചെയ്യുന്നവർ ഉണ്ട്. മതപരമായും ഇതാണ് ആളുകളിൽ കാണുന്നതു. എന്നാൽ നാം സ്വീകരിച്ചു പോരേണ്ട ബൈബിൾ തത്വങ്ങൾ ഉണ്ട്. അവയെ മറി കടന്നു സഞ്ചരിക്കുന്നതു അപകടം തന്നെയാണ്. ധാരാളം ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ പറയുന്നുമുണ്ട്.

## ദൈവം കല്പിച്ചതായ ആരാധന

ദൈവ സന്നിധിയിൽ സ്വീകാര്യമായ ആരാധന എന്തെന്നു തിരിച്ചറിയുകയാണ് നമ്മുടെ ലക്ഷ്യം. ഭൗതിക ജീവിതത്തിലെ എല്ലാ വശങ്ങളും ദൈവത്തെ ആരാധിക്കുന്നവയല്ല. എല്ലായ്പ്പോഴും ദൈവത്തെ ആരാധിക്കാം എന്നു കരുതുന്നവരുണ്ട്. അവരെ സംബന്ധിച്ച് അതു ശരിയായിരിക്കാം. എന്നാൽ ദൈവത്തിനു ആദരവും പുകഴ്ച്ചയും കൊടുക്കുന്നതു എപ്രകാരമാണ് ? ദൈവേഷ്ടപ്രകാരം ഉള്ള ആരാധന എന്താണ് ? ദൈവം വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് നമുക്കു ആവശ്യം. മനുഷ്യർ തങ്ങളുടെ കാഴ്ച്ചപ്പാട് അനുസരിച്ചു ദൈവത്തെ ആരാധിക്കുമ്പോൾ ദൈവം അതു നിരസിക്കുകയാണ്

ചെയ്യുന്നതു. ആരാധകൻെറ മനോഭാവം എന്താണെന്നു നോക്കുന്നവനാണ് ദൈവം. മനുഷ്യർ അതിനെ കുറിച്ചു വിവേകപൂർവ്വം ചിന്തിക്കുന്നില്ല.

ആരാധകരുടെ ആരാധനകളിൽ വന്ന വൈരുദ്ധ്യവും ദൈവം വേർതിരിച്ചതും മനസിലാക്കിയവർ ആയിരുന്നു കയ്യീനും ഹാബേലും. തൻെറ ആരാധന ദൈവം സ്വീകരിച്ചില്ല എന്നതു കയ്യീൻ മനസിലാക്കി. തൻെറ മനോഭാവം ശരിയായിരുന്നില്ല എന്നതായിരുന്നു കയ്യീൻെറ ആരാധന സ്വീകരിക്കാതിരുന്ന കാരണം (ഉല്പത്തി 4:1-5). ദൈവം അവൻെറ ആരാധന സ്വീകരിക്കാതിരുന്നതിനെ കയ്യീൻ പ്രതികരിച്ചതു സഹോദരനോടായിരുന്നു. അവനു കോപം ഉണ്ടായി. സ്വന്ത പ്രവൃത്തിയുടെ പരാജയം അവനെ കോപിഷ്ടനാക്കി. അവൻെറ മുഖം വാടുകയും ചെയ്തു. ദൈവം അവനോടു പറഞ്ഞതു: ''നീ കോപിക്കുന്നതു എന്തിന്നു ? നിൻെറ മുഖം വാടുന്നതും എന്തു ? നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകയില്ലയോ ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിൻെറ ആഗ്രഹം നിങ്കലേക്കു ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു'' (ഉല്പത്തി 4:6-7). നന്മ ചെയ്യുക എന്നതും ദൈവത്തെ പ്രസാദിപ്പിക്കുക എന്നതും ആയിരിക്കണം ആരാധകൻെറ മനോഭാവം.

പരിശുദ്ധാത്മാവ് എബ്രായ ലേഖകനിലൂടെ സംസാരിക്കുന്നുണ്ട്. ''വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയ്യീൻേറതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവന്നു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവൻെറ വഴിപാടിന്നു സാക്ഷ്യം കല്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു'' (എബ്രായർ 11:16).

ദൈവം കല്പിച്ചതിൻ പ്രകാരമുള്ള യാഗം, വഴിപാട് അർപ്പിച്ചതിനാൽ അതു നീതീകരിക്കപ്പെട്ടു. ദൈവ

ത്താലുള്ള സാക്ഷ്യമാണ് അവന്നു ലഭിച്ചതു. ഹാബേലി ന്നു വേറെ പലതും ഉണ്ടായിരുന്നിരിക്കാം. അതിലൊന്നു മല്ല ദൈവം പ്രസാദിക്കുന്നതു. ദൈവം കല്പിച്ച കല്പന പ്രകാരം അവന്നു വഴിപാട് കൊടുത്താലേ അവൻ സ്വീകരിക്കു എന്നു ഹാബേൽ മനസ്സിലാക്കി പ്രവർത്തിച്ചു. അതുകൊണ്ടു അവന്റെ യാഗം ഉത്തമമായ ഒന്നായിരുന്നു എന്നു സാക്ഷീകരിച്ചിരിക്കുന്നു.

നമുക്കു ശരി എന്നു തോന്നുന്ന രീതിയിൽ ദൈവത്തിനു പുകഴ്ച്ച അർപ്പിക്കാമെന്നു വിചാരിക്കരുതു. ദൈവശ്വാസീയമായ എഴുത്തുകളിൽ പിതാവിന്റെ അടുക്കൽ വരുന്നവർ എങ്ങനെ വരണം എന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്താണ് ദൈവത്തിനു നല്കുന്നതു ? എങ്ങനെ നല്കുന്നു ? നല്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ എന്താണ് വിചാരം ?

## തിരുവെഴുത്തിലെ നിശബ്ദത

ദൈവ വചനത്തിൽ നിശബ്ദത കാണുന്നുവെങ്കിൽ അതു നമ്മുടെ ഇഷ്ടത്തിനു വിട്ടിരിക്കുന്നു എന്നു കരുതുന്നവർ ദൈവത്തിനു പകരം തീരുമാനം എടുക്കുന്നവരാണ്. തിരുവെഴുത്തിലെ നിശബ്ദത അങ്ങനെ തന്നെ എന്തുകൊണ്ടു സ്വീകരിച്ചുകൂടാ ? പ്രത്യേകമായി എടുത്തു പറയാത്ത കാര്യങ്ങൾ അതങ്ങനെ തന്നെ മതി എന്നു വിചാരിക്കുന്നതാണ് ഉചിതം.

പാട്ടു പാടുന്നതിനെ കുറിച്ചു ദൈവം ശബ്ദിക്കാതിരുന്നിട്ടില്ല. ക്രിസ്തീയാരാധനയിൽ എങ്ങനെ പാടണമെന്നു ദൈവം വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടു പാട്ടു പാടുന്നതിനെ സംബന്ധിച്ചു നിശബ്ദത പാലിക്കേണ്ട ആവശ്യമില്ല. ദൈവത്തിനു മഹത്വം കരേററുന്നതും ദൈവത്തെ സന്തോഷിപ്പിക്കുന്നതും ആയ കാര്യങ്ങളാണ് ആത്മാവ് വെളിപ്പെടുത്തിയിരിക്കുന്നതു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ഐക്യതക്കു എന്താണ്

ആവശ്യം ? എഴുതിയിരിക്കുന്നതിനപ്പുറമായി ഭാവിക്കാതിരിക്കുക എന്നതാണ് (1 കൊരിന്ത്യർ 4:6). തിരുവെഴുത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴിയാത്തവർ അതിനോടു കൂട്ടു ചേർക്കാൻ താല്പര്യപ്പെടുന്നു. അതു വാദപ്രതിവാദത്തിലേക്കു എത്തിക്കുന്നു. അങ്ങനെ ഐക്യതക്കു പകരം ഭിന്നത ഉടലെടുക്കുന്നു.

## ആരാധനക്കുള്ള ഒരു മാതൃക

പുതിയ നിയമത്തിൽ വിശുദ്ധന്മാർ ദൈവത്തെ നമസ്കരിച്ചിരുന്നതു ദൈവശാസ്ത്രീയമായ വചന പ്രകാരമായിരുന്നു. ദൈവത്തെ ആദരിക്കയും ബഹുമാനിക്കയും ചെയ്യുന്ന സമയം സന്തോഷത്തോടെ, ഹൃദയ പരമാർത്ഥതയോടെയാണ് ചെയ്തു വന്നതു. അക്ഷരീക നിയമത്തിൻ കീഴിലായിരുന്നു യിസ്രായേൽ ജനം അന്നത്തെ അവരുടെ പ്രമാണം അനുസരിച്ചു ചെയ്തു വന്നു. പുതിയ നിയമം പൂർണ്ണമായി ജനങ്ങളിൽ എഴുതി എത്തിക്കുന്നതിനു മുൻപു ദൈവശാസ്ത്രീയരായ അപ്പൊസ്തലന്മാർ മാതൃക കാണിച്ചു കൊടുത്തു. അപ്രകാരം അവർ ദൈവത്തെ ആരാധിച്ചു. അവർ യെഹൂദ പശ്ചാത്തലം ഉള്ളവരായിരുന്നു. പിന്നീട് ജാതികളിൽ നിന്നു പരിവർത്തനം ചെയ്യപ്പെട്ടവരും അവരോടു ചേർന്നു. തിരുവെഴുത്തുകൾ പൂർണ്ണമായി ജനങ്ങളിൽ എത്തിയപ്പോൾ ജനത്തിനു തെററിദ്ധാരണയുടെ ആവശ്യമില്ല.

വചനത്തെ വളച്ചൊടിക്കുകയും സ്വന്ത വ്യാഖ്യാനം നടത്തുകയും ചെയ്യുന്നവർ പണ്ടും ഇന്നും ഉണ്ട്. നാം എന്താണ് അനുകരിക്കേണ്ടതു ? നമ്മെ പഠിപ്പിച്ച ഉപദേശ രൂപമാണ് പരിശോധിച്ച് പ്രമാണിക്കേണ്ടതു.

(ശേഷം അടുത്ത ലക്കത്തിൽ)

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm. Speaker : P.K. Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

Annual subscription: Rs. 50/-

Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2004

*Join us to worship God in spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*To*

*From*

THE BIBLE TRUTH
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378